പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: **5329** 5.7.2012-ൽ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപന നിയന്ത്രണ ബോർഡ്

ചോദ്യം

ശ്രീ.കോടിയേരി ബാലകൃഷ്ണൻ

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ പുതിയ ബോർഡ് രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ ഘടനയും, ഉദ്ദേശ്യ ലക്ഷ്യങ്ങളും വിശദമാക്കാമോ;

ഉത്തരം

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

(എ) & (ബി) പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം ലാഭകരമാക്കാനും കാര്യക്ഷമതയും പ്രൊഫഷണലിസവും ഉറപ്പുവരുത്തുവാനും കമ്പനികളുടെ പ്രവർത്തനം അവലോകനം നടത്തുവാനും ഡയറക്ടർ ബോർഡുകളിലും ഉയർന്ന തസ്തികകളിലും യോഗ്യതയും പരിചയ സമ്പത്തും ഉള്ളവരെ തിരഞ്ഞെടുക്കുവാനും നിലവിലുള്ള ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസും റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡും സംയോജിപ്പിച്ച് ഒരു പബ്ലിക് സെക്ടർ എന്റർപ്രൈസസ് ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളിൽ സമഗ്രമായ പ്രവർത്തന അവലോകന സംവിധാനം ഏർപ്പെടുത്തുക, പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനുള്ള നൂതന സംവിധാനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക, കേന്ദ്രീകൃതമായി നിയമനങ്ങൾ നടത്തുന്നതിനുള്ള സംവിധാനം നടപ്പിലാക്കുക, ഡയറക്ടർ ബോർഡുകളിലും ഉയർന്ന തസ്തികകളിലും യോഗ്യതയും പരിചയസമ്പത്തും ഉള്ളവരെ കണ്ടെത്തുക എന്നിവയാണ് പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

| | |
|---|---|
| (സി) ആരെല്ലാമാണ് പ്രസ്തുത ബോർഡിൽ അംഗങ്ങളെന്നും; അവരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളെന്തൊക്കെയെന്നും വിശദീകരിക്കാമോ; | (സി) ബോർഡിൻെറ രൂപീകരണം സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല. |
| (ഡി) ബോർഡിൻെറ പ്രവർത്തനങ്ങൾക്കായി പ്രതിവർഷം എന്ത് തുക ചെലവഴിക്കേണ്ടിവരുമെന്ന് വെളിപ്പെടുത്താമോ? | (ഡി) ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾക്കായി രണ്ടു കോടി രൂപ 2012-13 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |

Ajithab

സെക്ഷൻ ഓഫീസർ